I/45432/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

**വിജ്ഞാപനം**

# കീം - 2023

## എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം-2023

## എൻ.ആർ.ഐ അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള അവസാന അവസരം

കീം – 2023 മുഖേന എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എൻ.ആർ.ഐ ക്വോട്ട സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് അർഹത നേടുന്നതിന് അവശ്യമായ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുകയും ചെയ്ത വിദ്യാർത്ഥികളിൽ അപേക്ഷയോടൊപ്പം സമർപ്പിച്ച എൻ.ആർ.ഐ സർട്ടിഫിക്കറ്റുകളിലെ അപാകതകൾ പരിഹരിക്കുന്നതിന് അവസാനമായി ഒരു അവസരം കൂടി നൽകുന്നു. സമർപ്പിച്ച സർട്ടിഫിക്കറ്റുകളിൽ അപാകതയുള്ള വിദ്യാർത്ഥികൾക്ക് പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ വിവിധ രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന 28.07.2023 **വൈകുന്നേരം 4.00 മണി വരെ** സമർപ്പിക്കാവുന്നതാണ്. അപാകതകൾ പരിഹരിക്കാത്ത വിദ്യാർത്ഥികളെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് ഓപ്ഷൻ നടപടികൾ ആരംഭിക്കുന്ന സമയം എൻ.ആർ.ഐ കാറ്റഗറിയിലേയ്ക്ക് താത്കാലികമായി ഓപ്ഷൻ നൽകാൻ അനുവദിക്കുന്നതും മേൽ തീയതിക്കകം എൻ.ആർ.ഐ കാറ്റഗറിയിലെ അപാകതകൾ പരിഹരിക്കാത്ത പക്ഷം എൻ.ആർ.ഐ സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റിന് പരിഗണിക്കുന്നതുമല്ല.

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് ആരംഭിക്കുന്നതിന് മുമ്പുള്ള അവസാന അവസരമാണിത്. NRI സർട്ടിഫിക്കറ്റുകളിൽ അപാകതകൾ പരിഹരിക്കുന്നതിന് ഇതിനു ശേഷം അവസരം നൽകുന്നതല്ല. നേരിട്ടോ തപാൽ മുഖേനയോ ഇ.മെയിൽ മുഖേനയോ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ യാതൊരു കാരണവശാലും കാറ്റഗറി അനുവദിക്കുന്നതിനായി പരിഗണിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
25-07-2023

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Signed by
Arun K Vijayan
Date: 25-07-2023 07:01:15